# അതിരൂക്ഷമായ പകർച്ചവ്യാധി
## ( വെളിപാട് പഠനം 62)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

**വാക്യം 7,8 " നാലാം മുദ്ര പൊട്ടിച്ചപ്പോള് വരിക എന്ന് നാലാം ജീവി പറയുന്നത് ഞാന് കേട്ടു. അപ്പോള് ഞാന് മഞ്ഞ നിറമുള്ളോരു കുതിരയെ കണ്ടു. അതിന്മേല് ഇരിക്കുന്നവന് മരണം എന്ന് പേര്. പാതാളം അവനെ പിന്തുടര്ന്നു അവര്ക്ക് വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധികൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാന് ഭൂമിയുടെ കാലംശത്തിന്മേല് അധികാരം ലഭിച്ചു. "**

നാലാമത്തെ കുതിര മഞ്ഞനിറമാണ്. ഇംഗ്ലീഷില് PALE എന്ന് കാണാം. വിളറിയ നിറം. മരിച്ചവന്റെ നിറമാണിത്. ഈ വിളറിയ കുതിരയുടെ മീതെ മരണം സവാരി ചെയ്യുന്നു. വലിയ യുദ്ധങ്ങളുടെ പിന്നാലെ വലിയ ക്ഷാമവും പിന്നാലെ പകര്ച്ച വ്യാധിയും ഉണ്ടാകും. "ഏതു മുഖവും വിളറിയിരിക്കുന്നത് ഞാന് കാണുന്നു. യിരമ്യ- 30: 6. മഞ്ഞനിറം ഭീതി, രോഗം, മരണം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. രോഗം വന്ന് മുഖം വിളറിയിരിക്കുന്നവളുടെയോ, ഭീതിയില് മുഖത്തുണ്ടാകുന്ന നിറം മാറ്റത്തെയോ കാണിക്കുന്നതാണ് ഈ വാക്കിന്റെ ആശയം. ശവത്തിന്റെ നിറമായ മഞ്ഞളിപ്പ് ഈ കുതിരയുടെ പ്രത്യേകത ആയിരിക്കുമ്പോള്ത്തന്നെ കുതിരയുടെ പുറത്ത് മരണം സവാരി ചെയ്യുന്നതായി നാം കാണുന്നു. കൂടാതെ പാതാളം അവനെ അനുഗമിക്കുകയും ചെയ്യുന്നു. ആദ്യത്തെ മൂന്നു കുതിരകളുടെയും പേര് പറഞ്ഞിട്ടില്ല. എന്നാല് ഇവിടെ കുതിരപ്പുറത്തിരിക്കുന്നവന്റെ പേര് പറഞ്ഞിരിക്കുന്നു.

ഈ നാലു കുതിരപ്പുറത്തിരിക്കുന്നവും ഒരു വ്യക്തിയുടെതന്നെ ക്രമാനുഗതമായ മാറ്റത്തെ കാണിക്കുന്നതാണ്. അന്തിക്രിസ്തു സമാധാനത്തോടെ നയപരമായി വന്നിട്ട് തുടര്ന്ന വരുന്ന മാറ്റങ്ങളാണ് ക്രമാനുഗതമായി നാം കാണുന്നത്. മരണത്തിന് ഇവിടെ വ്യക്തിത്വം കല്പ്പിച്ചു പാതാളത്തെ സഹകാരിയാക്കുകയാണ്. മരണത്തെയും പാതാളത്തെയും ഒന്നിച്ച് നാം കാണുന്നു. ലൂക്കോ. 16: 23; വെളി. 1: 18; 20: 13,14; ഹോശയാ. 13: 14.

മരണത്താല് പിടിക്കപ്പെടുന്നവരെ വച്ചുകൊണ്ടിരിക്കുന്നതും വിഴുങ്ങിക്കളയുകയും ചെയ്യുന്നത് പാതാളമാണ്. യശ. 14: 9; യ ചള. 1: 18; 20: 13, 14; സങ്കീ. 49: 14. ഒന്നുകൂടിപ്പറഞ്ഞാല് മരണം വരിക്കുന്നവരെ പാതാളം സ്വീകരിക്കുന്നു. ദുഷ്ടന്മാര് മരിക്കുമ്പോള് അവരുടെ ആത്മാവ് പാതാളത്തില് എത്തിച്ചേരുന്നു. ലൂക്കോ. 16: 23. ഇവരെ അന്തിമ ന്യായവിധിക്കായി ഉയര്പ്പിച്ച് ന്യായവിധി നടന്ന നിത്യദണ്ഡന സ്ഥലത്തേക്ക് അയയ്ക്കുന്നു. വെളി. 20: 13, 14. അവര് രണ്ടാം മരണമായ തീപൊയ്കയിലാണ് നിത്യമായി കിടക്കാന് പോകുന്നത്. ഇവിടെ മരണം എന്നത് മരണാധികാരിയായ സാത്താനെയും പാതാളം എന്നത്

മരിച്ചുകഴിഞ്ഞ് സകലപാപികളുടെയും ആത്മാക്കള് കിടക്കുന്ന യാതനാ സ്ഥലത്തെക്കുറിച്ചാണ് വ്യക്തമാക്കുന്നത്.

വാള്, ക്ഷാമം, മഹാവ്യാധി, കാട്ടുമൃഗം എന്നിവയാല് മഹോദ്രവകാലത്ത് അനേകം മനുഷ്യരെ ശവങ്ങളാക്കി മാറ്റുന്നു. അന്തിക്രിസ്തുവിന്റെ ഭരണകാലം നിരന്തരയുദ്ധകാലമായിരിക്കും. ഈ യുദ്ധങ്ങള് മൂലം ക്ഷാമവും തുടര്ന്ന് അതിരൂക്ഷമായ പകര്ച്ചവ്യാധിയും ഉണ്ടാകും. ചികിത്സ നിര്ണ്ണയിക്കാന് കഴിയാത്ത പുതിയ പിതയ സാംക്രമിക രോഗങ്ങള് ഉണ്ടാകും. അന്ന് അത് ലോകവ്യാപകമായി വര്ദ്ധിക്കും. വേണ്ട വണ്ണം ചികിത്സ ലഭിക്കുകയില്ല. മരുന്നിനും, ഔഷധങ്ങള്ക്കും ദൗര്ല്ലഭ്യം നേരിടും. അന്ന് മരണനിരക്ക് വര്ദ്ധിക്കും. പീഢനത്തിന് മുഖാന്തിരമായി നില്ക്കുന്നവയുടെ പട്ടികയാണ് വാള്, ക്ഷാമം, ദുഷ്ടമൃഗം, മഹാമാരി, വിജാതീയ രാജാക്കന്മാര്.

യെശ. 5: 13-16. ആധുനികമായ യുദ്ധങ്ങള്കൊണ്ട് ലോകത്താകമാനം നടക്കുന്ന രക്ത ചൊരിച്ചിലിനെ വാള് സൂചിപ്പിക്കുന്നു. ക്ഷാമത്തെക്കുറിച്ച് നാം ചിന്തിച്ചുകഴിഞ്ഞു. മഹാവ്യാധിയും കാട്ടുമൃഗങ്ങളെക്കുറിച്ചും തുടര്ന്ന് നാം ചിന്തിക്കുന്നു. ഭൂഗോളത്തിന്റെ നാലില് ഒന്ന് ഭാഗത്ത് അതിഭീകരമായി ഈ ബാധ ബാധിക്കും. ഈ ഭയങ്കരമായ വിപത്തിന് മുമ്പ് സഭ ഈ ലോകത്തില് നിന്ന് സ്വര്ഗ്ഗത്തിലേക്ക് പോകും എന്നുള്ളത് എത്രയോ ആശ്വാസമാണ്.

മനുഷ്യര്ക്ക് മഹാവ്യാധിയുണ്ടാകുമെന്ന് കര്ത്താവ് മുന്നറിയിച്ചിരിക്കുന്നു. ലൂക്കോ. 21:11. ഇപ്പോള്ത്തന്നെ ഇതിന് മുന്നോടിയായി ലോകത്ത് മഹാ പകര്ച്ച വ്യാധികള് വ്യാപിച്ചിരിക്കുന്നു. എന്നാല് അന്തിക്രിസ്തുവിന്റെ കാലത്ത് ഇത്രഭയങ്കരമായ പകര്ച്ചവ്യാധിയാണ് വരാന് പോകുന്നത്. മഹോപദ്രവകാലത്ത് നടക്കുന്ന യുദ്ധങ്ങളുടെ പിന്നാലെ വലിയ ക്ഷാമമുണ്ടാകും. യുദ്ധത്താലും ക്ഷാമത്താലും മരിക്കുന്ന ശവങ്ങളെ കുഴിച്ചിടുവാന് ആരുമില്ലാത്തതായ അവസ്ഥ അന്നുണ്ടാകുന്നതിനാല് പകര്ച്ചവ്യാധികള്വ്യാപിക്കും.

ഭൂലോകത്തെ കണ്ണീര്ക്കയത്തിലാക്കിയ പകര്ച്ച വ്യാധികള് ചരിത്രത്തിലുണ്ട്. ഏ.ഡി. 1347ലും 1348ലും യൂറോപ്പില് ബ്ലാക്ക് ഡത്ത് എന്ന മാരകരോഗത്തില് അവിടെയുള്ള ജനസംഖ്യയില് നാലിലൊന്ന് മരണമടഞ്ഞു. 1918, 1919 എന്നീ വര്ഷങ്ങളില് ഇന്ഫളുവന്സയാല് രണ്ടുകോടിയിലധികം ആളുകള് മരണമടഞ്ഞു. ഇന്നാളുകളില് കാന്സര്, എയ്ഡ്സ് എന്ന മാരകരോഗങ്ങള് മാനവജാതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. കുഷ്ഠത്താല് ബാധിതരാകുന്നവരുടെ എണ്ണം ലോകത്തില് അറുപതു ശതമാനം ഇന്ത്യയിലാകുന്നു. കാട്ടുതീപോലെ പടരുന്ന ചികിത്സയില്ലാത്ത രോഗമാണ് എയ്ഡ്സ്. ഗവേഷണം തകൃതിയായി നടക്കുന്നുണ്ടെങ്കിലും നാളിതുവരെയും ഈ രോഗത്തിനെതിരെ മരുന്നു കണ്ടുപിടിച്ചിട്ടില്ല. ആഫ്രിക്കയില് ഈ രോഗം ശക്തിയായി പടര്ന്നുകഴിഞ്ഞു.

1981ല് അമേരിക്കയില് പ്രത്യക്ഷപ്പെട്ട ഈ രോഗം ചുരുക്കം സമയം കൊണ്ടു ഭൂഗോളം മൊത്തമായി ലക്ഷക്കണക്കിന് ജനങ്ങളെ കീഴടക്കിക്കഴിഞ്ഞു. മനുഷ്യനെ തളര്ച്ചയിലേക്കും മാരകമായ ഒട്ടനവധി രോഗങ്ങളിലേക്കും തള്ളിയിട്ട് ഇഞ്ചിഞ്ചായിക്കൊല്ലുന്ന ഈ രോഗത്തിന് കാരണം 'ഹ്യൂമണ് ഇമ്യൂണോ ഡഫിഷ്യന്സി വൈറസ്" (എച്ച്.ഐ.വി.) എന്നറിയപ്പെടുന്ന സൂക്ഷ്മാണുക്കളാണ്. ശരീരത്തിലെ രോഗപ്രതിരോധത്തിന്റെ ഉത്തരവാദിത്വമുള്ള വെളുത്ത രക്താണുക്കളെയാണ് ഈ വൈറസുകള് ആക്രമിച്ച് നശിപ്പിക്കുന്നത്. രോഗപ്രതിരോധശേഷി നഷ്ടപ്പെടുന്നതോടെ ഒന്നിലധികം രോഗങ്ങള് ബാധിക്കുന്നു. അങ്ങനെ മരിക്കുന്നു. ദൈവം നിയമിച്ചിരിക്കുന്ന സന്മാര്ഗ്ഗിക പരിധികളെ കടന്നുപോകുന്നവര്ക്ക് വിവാഹ ജീവിതത്തിന്റെ പരിപാവനതയെ ലംഘിക്കുന്നവര്ക്കും ഉള്ള ദൈവത്തിന്റെ ന്യായവിധിയുടെ വാളാണ് എയ്ഡ്സ് എന്ന മഹാവ്യാധി." ഇങ്ങനെ അവര് തങ്ങളുടെ വിഭ്രമത്തിന് യോഗ്യമായ പ്രതിഫലം തങ്ങളില്ത്തന്നെ പ്രാപിച്ചു' (റോമ. 1-27,28) 'ദുര്ന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും." എബ്ര 13-14.

അതുപോലെ തന്നെ "എബോളാ വൈറസ്" എന്നൊരു പകര്ച്ചവ്യാദിയും മാനവരെ കവര്ന്നുകൊണ്ടിരിക്കുന്നു. എയ്ഡ്സിനെക്കാള് ഭീകരനാണ് ഈ വൈറസ്. ശുശ്രൂഷിക്കുവാന് ഡോക്ടര്മാര്പോലും മടിക്കുന്നു. എയ്ഡ്സ് രോഗാണു ശരീരത്തില് പ്രവേശിച്ചാല് സാവധാനമാണ് രോഗം പ്രത്യക്ഷപ്പെടുന്നത്. എന്നാല് എബോളാ രോഗാണു 21 ദിവസത്തിനകം ജീവന് അപഹരിക്കുന്നു. വെറുമൊരു ഫ്ളു പോലെ ആരംഭിച്ചിട്ട് പനി, തലവേദന, ക്ഷീണം, സന്ധിവേദന, വരള്ച്ച തുടങ്ങിയവയാണ് രോഗലക്ഷണങ്ങള്. കടുത്ത വയറുവേദനയുണ്ടാകും. ഒരാഴ്ചയ്ക്കുള്ളില് ശരീരത്തിലെ തൊലിപൊട്ടും. കണ്ണുദീനം, മഞ്ഞപ്പിത്തം, എന്നിവയും പ്രത്യക്ഷപ്പെടും. കുടലില് രക്തസ്രാവം ആരംഭിക്കും. ഈ പകര്ച്ച വ്യാധിയും ചില രാജ്യങ്ങളില് പടര്ന്നുകൊണ്ടിരിക്കുന്നു. ഇന്ന് ലഭിക്കുന്ന ആന്റിബയോട്ടിക്കുകള് ഈ രോഗാണുവിനെ നശിപ്പിക്കുവാന് സാദ്ധ്യമല്ല.

ഒരു സമയത്ത് പ്ലേഗ് ബാധ നിമിത്തം നൂറുകണക്കിനാളുകള് മരണമടഞ്ഞു. പ്ലേഗിന് പ്രധാനകാരണം എലികളാണ്. 14-ാം നൂറ്റാണ്ടില് യൂറോപ്പില് പ്ലേഗ് മുഖാന്തിരം ലക്ഷക്കണക്കിന് മനുഷ്യര് മൃതിയടഞ്ഞു. ഈ രോഗം ലോകത്തില് നിന്ന് മാറ്റപ്പെട്ടു എന്ന് ചിന്തിക്കുന്നുവെങ്കിലും ഭാവിയില് ഈ രോഗം വീണ്ടും വരുമെന്ന് അവകാശപ്പെടുന്നു. മഹോപദ്രവകാലത്ത് പകര്ച്ചവ്യാധിയുടെ ഒരു പ്രളയം ആയിരിക്കും. ഇക്കാലത്ത് വടക്കേ അമേരിക്ക, ലാറ്റിനമേരിക്ക, കരീബിയന് ദ്വീപുകള് ആഫ്രിക്കന് രാജ്യങ്ങള്, യൂറോപ്പ്യന് രാജ്യങ്ങള്, ഏഷ്യന് രാജ്യങ്ങള് എന്നിവിചടെയെല്ലാം എയ്ഡ്സ് എന്ന മാറാവ്യാധിയുടെ വലിയ തോതിലുള്ള വ്യാപനം ദര്ശിക്കാവുന്നതാണ്. ഭയങ്കരമായ സാന്മാര്ഗ്ഗികാധഃപതനം ഭയാനകമായ വിധത്തില് പടര്ന്നുപന്തലിച്ച് ഫലം പുറപ്പെടുവിക്കുന്നു.

മഹോപദ്രവകാലത്ത് മനുഷ്യര്ക്ക് നേരിടേണ്ടിവരുന്ന മറ്റൊരു ആക്രമണം കാട്ടുമൃഗങ്ങളില്നിന്നാണ്. ദൈവം മൃഗങ്ങള്ക്കും ഒരു അതിര്ത്തി നിയമിച്ചിട്ടുണ്ട്. കടലിനും ദൈവം ഒരു അതിര്ത്തിവെച്ചിരിക്കുന്നു. തിരമാലകളുടെ ശക്തി തീരത്തോടടുക്കുമ്പോള് അവസാനിക്കുന്നതുപോലെ ഒരു അതിര് ഘോരമൃഗങ്ങള്ക്കും ദൈവം വച്ചിരിക്കുന്നു. ഉല്- 1-24, 25. കാട്ടുമൃഗങ്ങള് കാട്ടിനുള്ളില് യഥേഷ്ടം നടന്ന് വമ്പ് കാട്ടുന്നു. അവ നാട്ടിലേക്ക് ഇറങ്ങിവരുന്നില്ല. ദൈവം അവര്ക്കും ഒരു അതിര്ത്തിവെച്ചിരിക്കുന്നു. എന്നാല് മഹോദ്രവകാലത്ത് നാലാം മുദ്ര പൊട്ടിക്കുമ്പോള് അവ കാട്ടില്നിന്നും പുറത്തുവരും. വരള്ച്ച നിമിത്തം ജലദൗര്ലഭ്യവും വിശപ്പും കാട്ടുമൃഗങ്ങളെ ബാധിക്കും. അപ്പോള് അവ കൂട്ടത്തോടെ ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കും ഇറങ്ങിവരും. അങ്ങനെ കാട്ടുമൃഗങ്ങള് മനുഷ്യ ജീവിതത്തിന് ഭീഷണിയായിതീരും. ആ നിലയിലും മനുഷ്യരില് നല്ലൊരു പങ്ക് മരണത്തിനിരയായിതീരും.

ആദ്യ നൂറ്റാണ്ടില് ക്രൈസ്തവ പീഢനം മുഖാന്തിരം മൃഗങ്ങളാല് മരണമടഞ്ഞ ധാരാളം ക്രിസ്ത്യാനികളുണ്ട്. എന്നാല് മഹോദ്രവകാലത്ത് ക്രിസ്തുവിനെ കൂടാതെ ജീവിച്ചിരുന്നവരുടെ മേല് ഘോരമൃഗങ്ങളാലുള്ള ആക്രമണങ്ങള് ഉണ്ടാകും. 'കൊന്നുകളയുവാന് വാളും, പറിച്ചു കീറുവാന് നായ്ക്കളും, തിന്നുമുടിപ്പാന് ആകാശത്തിലെ പക്ഷികളും ഇങ്ങനെ നാലു വകയെ ഞാന് അവരുടെ മേല് നിയമിക്കും. എന്ന് യഹോവയുടെ അരുളപ്പാട്. യിര 15-3. മഹോദ്രവകാലത്ത് ഉണ്ടാകുന്ന യുദ്ധത്തില് നിരന്തരമായ ബോംബിടലുകള് നടക്കുന്നതിനാല് വനാന്തരഭാഗങ്ങളിലും മറ്റും വീഴുന്ന ബോംബുകള് കാട് കത്തിക്കുവാന് ഇടയാകും. കാട്ടുതീയെ ഭയപ്പെടുന്ന മൃഗങ്ങള് നാട്ടിന്പുറങ്ങളിലേക്ക് ഇറങ്ങിവരികയും അങ്ങനെ അവ മനുഷ്യനെ ഉപദ്രവിക്കുകയും മനുഷ്യര് ദുഷ്ടമൃഗങ്ങള്ക്ക് ആഹാരമായിതീരുകയും ചെയ്യും. ഇങ്ങനെ അന്തിക്രൈസ്തു ഭരണകാലം വലിയ നിലവിളിയുടെ അന്തരീക്ഷം ആയിരിക്കും. ആരും സഹായിക്കാനില്ല. വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാമാരികൊണ്ടും കാട്ടുമൃഗങ്ങളെക്കൊണ്ടും ആളുകള്ക്ക് ദോഷം ഭവിക്കും.

മഹാപീഢനം സര്വ്വഭൂതലത്തിലും വസിക്കുന്നവരെ ബാധിക്കുന്നതാണ്. ലൂക്കോ.21:25. മനുഷ്യന്റെ ക്രമസമാധാനവും സുരക്ഷാപദ്ധതികളും വിഭവശേഷികളും എല്ലാം ദയനീയമായി പരാജയപ്പെടും. 'ഞാന് വാള്, ക്ഷാമം, ദുഷ്ടമൃഗം, മഹാമാരി എന്നിങ്ങനെ അനര്ത്ഥകാരമായ ന്യായവിധികള് നാലുംകൂടെ അയച്ചാലോ?'യെഹെ 14-21. ദൈവം തന്റെ മഹാക്രോധം ഭൂമിയിലേക്ക് പകരുന്ന അതിഭയങ്കരമായ ദിനങ്ങളാണ് മഹോപദ്രവകാലം. നിങ്ങള് എനിക്ക് വിരോധമായി നടന്ന് എന്റെ വാക്ക് കേള്ക്കാതിരുന്നാല് ഞാന് നിങ്ങളുടെ പാപങ്ങള്ക്ക് തക്കവണ്ണം ഏഴു മടങ്ങുബാധ നിങ്ങളുടെ മേല് വരുത്തും. ഞാന് നിങ്ങളുടെ ഇടയില് കാട്ടുമൃഗങ്ങളെ അയക്കും. അവ നിങ്ങളെ മക്കളില്ലാത്തവരാക്കുകയും നിങ്ങളുടെ കന്നുകാലികളെ നശിപ്പിക്കുകയും നിങ്ങളെ എണ്ണത്തില് കുറയ്ക്കുകയും

ചെയ്യും. നിങ്ങളുടെ വഴികള് പാഴായി കിടക്കും. ഇവയാലും നിങ്ങള്ക്ക് ബോധം വരാതെ നിങ്ങള് എനിക്ക് വിരോധമായി നടന്നാല് ഞാനും നിങ്ങള്ക്ക് വിരോധമായി നടന്ന് നിങ്ങളുടെ പാപങ്ങള് നിമിത്തം ഏഴു മടങ്ങ് നിങ്ങലെ ദണ്ഡിപ്പിക്കും. എന്റെ നിയമത്തിന്റെ പ്രതികാരം നടത്തുന്ന വാള് ഞാന് നിങ്ങളുടെ മേല് വരുത്തും. ഞാന് നിങ്ങളുടെ മേല് മഹാമാരി അയക്കും. ലേവ്യ 26, 21-26. നാലു വിധത്തിലുള്ള ശിക്ഷ ഇവിടെയും പറഞ്ഞിരിക്കുന്നു. മഹോപദ്രവകാലം എത്രഭയങ്കരം. (തുടരും)